ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26-11-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭരണഘടനാ മൂല്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടത് നമ്മുടെ കടമയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു; സംവിധാൻ ദിവസിൽ രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.

   **President Droupadi Murmu said that it is our duty to act in accordance with constitutional values. Elaborate programmes held across the country on Constitution Day.**

2. സഫ്രാൻ എയർക്രാഫ്റ്റ് എഞ്ചിൻ സർവീസസ് ഇന്ത്യാ സംവിധാനം രാജ്യത്തിന് സമർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Narendra Modi inaugurates Safran Aircraft Engine Services India facility.**

3. രാജ്യത്ത് ആധാർ ഡാറ്റാബേസിൻറെ കൃത്യതയ്ക്കായി, മരണമടഞ്ഞ വ്യക്തികളുടെ രണ്ട് കോടിയിലധികം ആധാർ നമ്പറുകൾ നിർജീവമാക്കി UIDAI.

   **The Unique Identification Authority of India (UIDAI) has deactivated over two crore Aadhaar numbers of deceased individuals as part of a nationwide clean-up effort.**

4. കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് തിങ്കളാഴ്ച സമർപ്പിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി.

   **The Supreme Court has directed the Election Commission to submit on Monday the report regarding the Special Intensive Revision of electoral roll in Kerala.**

5. ഡൽഹി ചുവപ്പുകോട്ട ഭീകരാക്രമണ കേസിൽ ഒരാളെക്കൂടി ഹരിയാനയിൽ നിന്ന് അറസ്റ്റ് ചെയ്ത് ദേശീയ അന്വേഷണ ഏജൻസി.

   **National Investigation Agency arrests a Faridabad resident for harbouring terrorist Umar Un Nabi in Delhi terror blast case.**

6. 2030 ലെ കോമൺവെൽത്ത് ഗെയിംസിന് ഇന്ത്യ വേദിയാകും.

   **India will host the 2030 Commonwealth Games.**

&&&&&&&&&&&&&&&&&&

## SAMVIDHAN DIWAS- PRESIDENT (INTRO)

ഭരണഘടനയുടെ മൂല്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. സംവിധാൻ ദിവസിൻറെ ഭാഗമായി സുപ്രീംകോടതിയിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. കേരളത്തിൽ നിന്നുള്ള ദാക്ഷായണി വേലായുധൻ ഉൾപ്പടെ ഭരണഘടന തയ്യാറാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ശ്രീമതി മുർമു ശ്രദ്ധാഞ്ജലി അർപ്പിച്ചു.

(വോയിസ്)

ന്യൂഡൽഹി സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ രാവിലെ നടന്ന പരിപാടിയെയും രാഷ്ട്രപതി അഭിസംബോധന ചെയ്തു. ഭരണഘടനയുടെ ആമുഖം വായിച്ച ശ്രീമതി മുർമു, മലയാളം ഉൾപ്പടെ ഒമ്പത് ഭാഷകളിൽ വിവർത്തനം ചെയ്ത ഭരണഘടനയുടെ പതിപ്പും പുറത്തിറക്കി.

&&&&&&&&&&&&&&&&&&

## NATIONAL CONFERENCE - CONSTITUTION DAY

ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന പരിപാടികളുടെ ഭാഗമായി കേന്ദ്ര സാമൂഹിക നീതി - ശാക്തീകരണ വകുപ്പ് ഇന്ന് ന്യൂഡൽഹിയിൽ ദേശീയ സമ്മേളനം സംഘടിപ്പിച്ചു. സാമൂഹിക പരിഷ്കരണം, സാമ്പത്തിക വികസനം, ശാക്തീകരണം തുടങ്ങിയ മേഖലകളിൽ രാജ്യത്തെ മുന്നോട്ട് നയിച്ചതിൽ ഭരണഘടന സുപ്രധാന പങ്ക് വഹിച്ചതായി സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## VP -CONSITUTION (INTRO)

സ്വാതന്ത്ര്യത്തിനായി പോരാടിയവരുടെ ത്യാഗം, സ്വപ്നങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ ഭരണഘടനയെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. കോടികണക്കിന് ഇന്ത്യാക്കാരുടെ അഭിലാഷങ്ങളും പ്രതീക്ഷകളും സാക്ഷാത്കരിക്കുകയെന്ന ആശയത്തിലൂന്നിയാണ് ഭരണഘടന നിർമാണ സഭയിലെ അംഗങ്ങൾ പ്രവർത്തിച്ചതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

## PM RAJNATH-CONSTITUTION DAY

ഭരണഘടനാ ദിനത്തിൽ പ്രധാനമന്ത്രി, രാജ്യരക്ഷാ മന്ത്രി തുടങ്ങിയ പ്രമുഖർ ഭരണഘടനാ ശിൽപികൾക്ക് ആദരാഞ്ജലി അർപ്പിച്ചു. ഭരണഘടനാ ശിൽപികളുടെ ദർശനവും ദീർഘവീക്ഷണവും വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള ഓരോ പൗരൻറെയും പരിശ്രമത്തിൽ പ്രചോദനം നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേരള രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

ഭരണഘടന ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

&&&&&&&&&&&&&&&&&

## PM- SAESI

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന ആഭ്യന്തര വ്യോമയാന വിപണികളിൽ ഒന്നാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഹൈദരാബാദിൽ സഫ്രാൻ എയർക്രാഫ്റ്റ് എഞ്ചിൻ സർവീസസ് ഇന്ത്യാ - സംവിധാനം വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുൻനിര വ്യോമയാന പ്രൊപ്പൽഷൻ എഞ്ചിനുകളുടെ അറ്റകുറ്റപ്പണി, പരിപാലനം തുടങ്ങിയവയ്ക്ക് സഫ്രാൻ സംവിധാനം ഏറെ സഹായകമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## UNION CABINET

രാജ്യത്ത് റെയർ എർത്ത് പെർമനൻറ് മാഗ്നറ്റിൻറെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് 7,280 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഇലക്ട്രിക് വാഹനങ്ങൾ,പുനരുപയോഗ ഊർജ്ജം , ഇലക്ട്രോണിക്സ്,

എയ്റോസ്പേസ്, എന്നിവയുടെ നിർമിതിയിൽ അത്യന്താപേക്ഷിതമാണ് റെയർ എർത്ത് മാഗ്നറ്റുകൾ. നിലവിൽ, രാജ്യം ഇറക്കുമതിയെ ആണ് ആശ്രയിക്കുന്നത്. പൂനെ മെട്രോ റെയിൽ പദ്ധതി യുടെ രണ്ടാം ഘട്ടത്തിനും മന്ത്രിസഭ അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## NATIONAL GOPAL RATNA AWARDS 2025

ഈ വർഷത്തെ ദേശീയ ഗോപാൽ രത്ന അവാർഡുകൾ ന്യൂഡൽഹിയിൽ സമ്മാനിച്ചു. ദേശീയ ക്ഷീരദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര സഹമന്ത്രിമാരായ ജോർജ്ജ് കുര്യനും എസ്.പി.സിംഗ് ബാഗേലും ചേർന്ന് 15 പേർക്ക് പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു. കേരളത്തിൽ നിന്ന് മിൽമ മലബാർ യൂണിയന്റെ വയനാട് മീനങ്ങാടി, പാലക്കാട് കുന്നങ്കാട്ടുപതി ക്ഷീരോല്പാദക സംഘങ്ങൾ പുരസ്കാരത്തിന് അർഹമായിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## NIA-DELHI BOMB BLAST

ഡൽഹി ചുവപ്പുകോട്ട ഭീകരാക്രമണ കേസിൽ ഒരാളെ കൂടി ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ആക്രമണം നടത്തിയ ഉമർ നബിക്ക് താമസ സൗകര്യം നൽകിയതിന് ഫരീദാബാദ് സ്വദേശി സോയബിനെയാണ് എൻഐഎ സംഘം ഇന്ന് അറസ്റ്റ് ചെയ്തത്. ഇയാൾ ആക്രമണം നടത്താൻ സഹായിച്ചതായും എൻഐഎ കണ്ടെത്തി.

&&&&&&&&&&&&&&&&&&

## UIDAI – AADHAR DEACTIVATION

ആധാർ ഡാറ്റാബേസിൻറെ കൃത്യത നിലനിർത്തുന്നതിന് മരിച്ച വ്യക്തികളുടെ രണ്ട് കോടിയിലധികം ആധാർ നമ്പറുകൾ നിർജ്ജീവമാക്കി UIDAI. സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയുടെ രജിസ്ട്രാർ ജനറലിൽ നിന്നാണ് യുഐഡിഎഐ ഈ ഡാറ്റ ശേഖരിച്ചതെന്ന് ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയം അറിയിച്ചു. മരിച്ച വ്യക്തിയുടെ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നത് തടയുന്നതിനാണ് ഈ നടപടി.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും മറ്റന്നാൾ വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ അറിയിക്കാം.

&&&&&&&&&&&&&&&&&&

## PRESIDENT ODISHA ASSEMBLY

ഒഡീഷ നിയമസഭയുടെ ശൈത്യകാല സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമു നാളെ നിയമസഭയെ അഭിസംബോധന ചെയ്യും. എം.എൽ.എയായി രാഷ്ട്രീയ ജീവിതം ആരംഭിച്ച ശേഷം രാഷ്ട്രപതിയായി ശ്രീമതി മുർമു ഒഡീഷയിൽ തിരികെ എത്തുന്ന ചരിത്ര ദിവസം കൂടിയാണ് നാളെ. 2000, 2004 വർഷങ്ങളിൽ റായ് രംഗ്പൂരിൽ നിന്ന് രണ്ട് തവണയാണ് ദ്രൗപദി മുർമു നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

&&&&&&&&&&&&&&&&&&

## OM BIRLA ( INTRO)

സദ്ഭരണത്തിന്റെയും സാമൂഹിക-സാമ്പത്തിക വികസനത്തിന്റെയും പരിവർത്തന യാത്രയിലേക്ക് രാജ്യം നീങ്ങുകയാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ഭരണഘടന പിൻതുടർന്നാൽ 2047 ഓടെ ഇന്ത്യ വികസിത രാഷ്ട്രമായി മാറുമെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ് ഓവർ )

&&&&&&&&&&&&&&&&&&

## EC – SIR

വോട്ടർ പട്ടിക തീവ്ര പരിഷകരണത്തിന്റെ രണ്ടാം ഘട്ടത്തിലൂടെ, ഇതുവരെ 50 കോടി 54 ലക്ഷത്തിലധികം എൻന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഈ മാസം 4 നാണ് എസ്. ഐ. ആർ രണ്ടാം ഘട്ടം ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

## SIR – SC

കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച് തിങ്കളാഴ്ച റിപ്പോർട്ട് സമർപ്പിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നിർദേശം. എസ്.ഐ.ആറിനെതിരെയുള്ള കേരളത്തിൻറെ ഹർജി പരിഗണിക്കവെയായിരുന്നു കോടതി റിപ്പോർട്ട്
തേടിയത്. 99% വോട്ടർമാർക്കും എന്യുമറേഷൻ ഫോമുകൾ നൽകിയതിനാൽ എസ്.ഐ.ആർ പ്രക്രിയ മാറ്റിവയ്ക്കേണ്ട സാഹചര്യമില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ കോടതിയെ അറിയിച്ചു. ഹർജി അടുത്തമാസം രണ്ടിന് കോടതി വീണ്ടും പരിഗണിക്കും.

&&&&&&&&&&&&&&&&&&

## POSTAL BALLOT

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജിതമായി പുരോഗമിക്കുന്നു.

പോസ്റ്റൽ ബാലറ്റ് തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സമ്മതിദായകരായ ഉദ്യോഗസ്ഥർക്കു മാത്രമേ നൽകാൻ സാധിക്കുകയുള്ളൂവെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരം തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലല്ലാത്ത ഒരു വിഭാഗത്തിനും ഈ സൗകര്യം ഏർപ്പെടുത്താൻ കഴിയില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. ഡിസംബർ 9,11 തീയതികളിലായാണ് വോട്ടെടുപ്പ്. 13 ന് വോട്ടെണ്ണൽ നടക്കും.

&&&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ തെക്കൻ ജില്ലകളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് 140.10 അടിയിലെത്തി. ഇതേ തുടർന്ന് തമിഴ്നാട് ഒന്നാം ഘട്ട ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## COMMONWEALTH-AHMEDABAD

2030 ലെ കോമൺവെൽത്ത് ഗെയിംസിന് ഇന്ത്യ വേദിയാകും. ഗ്ലാസ്ഗോവിൽ നടന്ന 74 കോമൺവെൽത്ത് രാജ്യങ്ങളിലെ

പ്രതിനിധികൾ പങ്കെടുത്ത യോഗത്തിലാണ് അഹമ്മദാബാദിനെ വേദിയായി പ്രഖ്യാപിച്ചത്. ഇതിന് മുൻപ് കോമൺവെൽത്ത് ഗെയിംസിന് 2010 ൽ ന്യൂഡൽഹി വേദിയായിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## TEST CRICKET

ഗുവാഹത്തിയിൽ നടന്ന രണ്ടാം ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്ക് ജയം. 408 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തിയ ദക്ഷിണാഫ്രിക്ക 2-0 ന് പരമ്പരയും സ്വന്തമാക്കി. 549 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ മത്സരത്തിന്റെ അവസാന ദിനമായ ഇന്ന് 140 റൺസിന് എല്ലാവരും പുറത്തായി.

&&&&&&&&&&&&&&&&&&

## IFFI

56-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ സിനിമ ആസ്വാദകരുടെ മനം കവർന്ന് രണ്ട് ഗോവൻ ചിത്രങ്ങൾ. നിതീഷ് പാരിസ് സംവിധാനം ചെയ്ത വൈമാനിക്ക്, സോഹം ബെൻഡെയുടെ സിറോ ബൾബ് എന്നിവയുടെ പ്രദർശനം ഇന്ന് നടന്നു. രണ്ട് ചലച്ചിത്രങ്ങളും പ്രമേയം, അവതരണം തുടങ്ങിയവയിൽ മികച്ച് നിൽക്കുന്നതായി പ്രേക്ഷകർ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&